## നഗരാസൂത്രകന്റെ കാര്യാലയം പത്തനംതിട്ട

## നഗരാസൂത്രകന്റെ നടപടിക്രമം

നഗരാസൂത്രകന്റെ കാര്യാലയം, പത്തനംതിട്ട-നാരങ്ങാനം ഗ്രാമപഞ്ചായത്ത് - ലോ കോളേജ് കെട്ടിടനിർമ്മാണം -കെ.ജെ എബ്രഹാം, ചെർമാൻ, ചാരിറ്റബിൾ എഡ്യൂക്കേഷണൽ ആൻഡ് വെൽഫേർ സൊസൈറ്റി കടമ്മനിട്ട-സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലെ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :-കെ.ജെ എബ്രഹാം, ചെർമാൻ, ചാരിറ്റബിൾ എഡ്യൂക്കേഷണൽ ആൻഡ് വെൽഫേർ സൊസൈറ്റി കടമ്മനിട്ടയുടെ 21.2.2019, 19.3.2019 എന്നി തീയതികളിലെ അപേക്ഷകൾ

**ഉത്തരവ് നമ്പർ:- TCPPTA/296/2019-C 25/03/2019**

നാരങ്ങാനം ഗ്രാമ പഞ്ചായത്തിൽ നാരങ്ങാനം വില്ലേജിൽ സർവ്വേ നമ്പർ 156/4 ൽ ഉൾപ്പെട്ട 01 ഹെക്ടർ 15 ആർ വിസ്തീർണമുള്ള പ്ലോട്ടിൽ 1625 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ഒരു നില (Ground floor) വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടം (Group.B –Educational Occupancy) നിർമിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011), ചട്ടം 56(1)(a) ന് അനുസൃതമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകുന്നു.

**നിബന്ധനകൾ**

1. തഴപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഓ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ.

2. കെ.പി. ബി. ആർ 2011 ലെ ചട്ടം.11 പ്രകാരം സ്ഥലത്തിന്റെ സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമാണാവകാശം എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളം നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ

ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം

4. കട്ടിങ് / ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC വാങ്ങിയിരിക്കണം

5. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം

6. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം parking area, drive way എന്നിവ സജ്ജമാക്കിയിരിക്കണം.

7. കെ.പി.ബി.ആർ-2011, ചട്ടം 48 പ്രകാരം Travel distance to emergency exit 30 മീറ്ററിനുള്ളിൽ പരിമിതപ്പെടുത്തണം. ഇതിനായി അധിക വാതിലുകൾ നൽകേണ്ടതും, ഇവ കെട്ടിട നിർമാണ അനുമതിക്കായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കുന്ന പ്ലാനിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്

8. നിർമ്മാണം കെ.പി.ബി.ആർ-2011 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം

സ്വീകർത്താവ്;-സെക്രട്ടറി

നാരങ്ങാനം ഗ്രാമ പഞ്ചായത്ത്.

ഉള്ളടക്കം:-അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ (ഒരു സെറ്റ്)

**ANILKUMAR P, TP TPPTA, O/O TP TPPTA**

പകർപ്പ്

1. ശ്രീ കെ ജെ കെ.ജെ എബ്രഹാം ,

ചെർമാൻ

ചാരിറ്റബിൾ എഡ്യൂക്കേഷണൽ ആൻഡ് വെൽഫേർ സൊസൈറ്റി, കടമ്മനിട്ട

2. വെബ്ബ്സൈറ്റ്

3. കരുതൽ ഫയൽ

4. ഓഫീസ് കോപ്പി

5. അധികം